(സി) സംസ്ഥാനത്ത് നിലവിലുള്ള തരിശുഭൂമിയിൽ 1000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 103153 ഏക്കർ (41761 ഹെക്ടർ).

(ഇ) വിവര സാങ്കേതിക വിദ്യയുടെയും ജൈവസാങ്കേതിക വിദ്യയുടെയും അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ കാർഷിക രംഗം നവീകരിക്കുന്നതിന് "കിസാൻ കേരള", "ബയോടെക് കേരള" എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിവരസാങ്കേതിക വിദ്യയുടെ ഭാഗമായി എല്ലാ കൃഷി ഭവനുകളിലും കംപ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദൂരദർശനിലൂടെ "കൃഷി ദർശൻ" പരിപാടിയും ഏഷ്യാനെറ്റിലൂടെ "കിസാൻ കൃഷി ദീപ" പരിപാടിയും ടെലികാസ്റ്റ് ചെയ്തുവരുന്നു. "ബയോടെക് കേരള" പദ്ധതിയുടെ ഭാഗമായി ഗുണമേന്മയുള്ള വിവിധ ഇനം തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കി ഉല്പാദനക്ഷമത മെച്ചപ്പെടുത്തി കൃഷി കൂടുതൽ ആദായകരമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക വിപ്ലവം ത്വരിതപ്പെടുത്തുവാൻ നടപടി

16 (*35) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഗ്രഹങ്ങളുടെ സഹായത്തോടെ കാലാവസ്ഥയെപ്പറ്റിയും മണ്ണ്, വെള്ളം, വിത്ത് എന്നിവയെപ്പറ്റിയും പഠിച്ച് കർഷകന് ആവശ്യമായ ഉപദേശം നൽകുവാൻ പദ്ധതിയുണ്ടോ; അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം പ്രവർത്തനം കർണ്ണാടകയിൽ നടക്കുന്നുണ്ടോ എന്നന്വേഷിച്ചു പറയുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്. ഇതിന്റെ ഭാഗമായി സാറ്റലൈറ്റ് ഇമേജറി ഉപയോഗിച്ച് മണ്ണ്, ജലം എന്നിവയുടെ ശാസ്ത്രീയ വിശകലനം നടത്താനുള്ള നടപടികൾ സോയിൽ സർവ്വേ വിഭാഗത്തിൽ ആരംഭിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡിലും ഇതുസംബന്ധിച്ച പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly